**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2462** **13-09-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ വിവരങ്ങൾ ഉൾപ്പെടുത്തുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ ഔദ്യോഗിക വെബ്സൈറ്റ് പ്രവർത്തനക്ഷമമാണോ; വ്യക്തമാക്കാമോ; | (എ) | തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ ഔദ്യോഗിക വെബ് സൈറ്റ് പ്രവർത്തന ക്ഷമമാണ്. പ്രസ്തുത വെബ്സൈറ്റിൽ വിവരങ്ങൾ കൃത്യമായി അപ്ഡേറ്റ് ചെയ്തു വരുന്നുണ്ട്. വകുപ്പ് സംയോജനത്തിന് മുൻപുള്ള അഞ്ച് വകുപ്പുകളുടെയും വെബ് സൈറ്റുകളിലെ വിവരങ്ങൾ പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ വെബ് സൈറ്റിൽ സംയോജിപ്പിച്ച്, കൂടുതൽ ഫീച്ചറുകൾ ഉൾപ്പെടുത്തി, വെബ്് സൈറ്റ് പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | തദ്ദേശസ്വയംഭരണ വകുപ്പിൽ നടക്കുന്ന സ്ഥലം മാറ്റം/ സ്ഥാനക്കയറ്റം, സീനിയോറിറ്റി പട്ടിക അടക്കം ജീവനക്കാർക്ക് ആവശ്യമുള്ള വിവരങ്ങളും പ്രസ്തുത വെബ്സൈറ്റിൽ കൃത്യമായി അപ്ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | തദ്ദേശസ്വയം ഭരണ വകുപ്പിൽ നടക്കുന്ന സ്ഥലംമാറ്റം/സ്ഥാനക്കയറ്റം, സീനിയോറിറ്റി പട്ടിക അടക്കം ജീവനക്കാർക്ക് ആവശ്യമുള്ള വിവരങ്ങളും പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ ഔദ്യോഗിക വെബ് സൈറ്റിൽ അപ്ഡേറ്റ് ചെയ്തു വരുന്നുണ്ട്. |
| (സി) | പഞ്ചായത്ത് വകുപ്പിനായി മാത്രം നിലവിലുള്ള വെബ്സൈറ്റിൽ വകുപ്പിൽ നടക്കുന്ന സ്ഥലം മാറ്റം/ സ്ഥാനക്കയറ്റം, സീനിയോറിറ്റി പട്ടിക അടക്കമുള്ള വിവരങ്ങൾ യഥാസമയം അപ് ലോഡ് ചെയ്യുന്നുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഇല്ല, തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകൃതമായതിനാൽ വകുപ്പ് സംയോജനത്തിന് ശേഷം പഞ്ചായത്ത് വകുപ്പിന് മാത്രമായിട്ടുള്ള വെബ്സൈറ്റിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാറില്ല. തദ്ദേശ സ്വയം ഭരണ വകുപ്പിൽ നടക്കുന്ന സ്ഥലംമാറ്റം/സ്ഥാനക്കയറ്റം, സീനിയോറിറ്റി പട്ടിക അടക്കമുള്ള ജീവനക്കാർക്ക് ആവശ്യമുള്ള വിവരങ്ങൾ പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ ഔദ്യോഗിക വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്തു വരുന്നുണ്ട്. |
| (ഡി) | ഇതിനായി പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ പ്രത്യേക സപ്പോർട്ടിംഗ് ടീം നിലവിൽ ഉണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ? | (ഡി) | ഇല്ല. നിലവിലുള്ള ടീമിൽ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തി പ്രത്യേക സപ്പോർട്ടിങ് ടീം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട് . |

സെക്ഷൻ ഓഫീസർ